# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4741 — 19/05/2017-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ വിഭാഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>,, ആർ. രാമചന്ദ്രൻ<br>,, എൽദോ എബ്രഹാം | | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണത്തിനായി സാമൂഹ്യവനവൽക്കരണ വിഭാഗം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കാവ് സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് (ആർ.റ്റി) നം.485/2016/വനം തീയതി: 24.12.2016 പ്രകാരം കാവിന്റെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ഓരോ ജില്ലയിലും പ്രത്യേകമായി അപേക്ഷ ക്ഷണിക്കുകയും അവ പരിശോധിച്ച് വലുതും ജൈവവൈവിദ്ധ്യമൂല്യമുള്ള കാവുകളെ തെരഞ്ഞെടുത്ത്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകുകയാണ് ചെയ്യുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, അതിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസഹായത്തിനായി കാവിന്റെ ഉടമകൾ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ തീരുമാനപ്രകാരം വനംവകുപ്പ് ആദ്യ ഗഡുവായി 25,000/- രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകുന്നതാണ്. പിന്നീട്, വൗച്ചറുകളും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകി വരുന്നു. കൂടാതെ, 25,000/- രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നു. |
| ബി) സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | അരിനെല്ലി, മുരിങ്ങ, സീതപ്പഴം, ചെമ്പകം, വീട്ടി, കുന്നിവാക, തേക്ക്, ആര്യവേപ്പ്, കുമിഴ്, ബദാം, നെല്ലി, ഉറുമാംപഴം, ഗുൽമോഹർ, എലഞ്ഞി, മഹാഗണി, താന്നി, അശോകം, ലക്ഷ്മിതരു, ഞാവൽ, മാവ്, കണിക്കൊന്ന, |

കമ്പകം, നീർമരുത്, ഉങ്ങ്, കരിങ്ങാലി, ചന്ദനം, കൊടംപുളി, പേര, നാരകം, മന്ദാരം, കരിമരുത്, പ്ലാവ്, വേങ്ങ, കരിവേപ്പ്, മുള, പുളി, വാളംപുളി, മണിമരുത്, കുമ്പിൾ, പൂവരശ്, അയനി, കൂവളം തുടങ്ങിയ തദ്ദേശീയ വൃക്ഷത്തൈകൾ സാമൂഹ്യവനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്നുണ്ട്.

സി) അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശവൃക്ഷത്തൈകൾ ഇപ്പോൾ ഈ വിഭാഗത്തിൽ നിന്ന് വിതരണം നടത്തുന്നുണ്ടോ;

സി) അക്കേഷ്യ, യൂക്കാലി തുടങ്ങിയ വിദേശ വൃക്ഷത്തൈകൾ ഇപ്പോൾ ഈ വിഭാഗത്തിൽ നിന്ന് വിതരണം ചെയ്യുന്നില്ല.

ഡി) സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ നിരക്കുകൾ വ്യക്തമാക്കാമോ?

ഡി) ഏറ്റവും പുതിയ സർക്കാർ ഉത്തരവ് (സാധാ) നം.159/2017/വനം തീയതി: 22/04/2017 പ്രകാരം, സാമൂഹ്യവനവൽക്കരണവിഭാഗം വിതരണം ചെയ്യുന്ന വൃക്ഷതൈകളുടെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ഏജൻസി | തേക്ക് തൈന ടീൽ കമ്പ് TEAK STUMPS(1ന് വില രൂപയിൽ) | ചെറിയ കൂടയിൽ വളർത്തിയെടുത്ത തൈകൾ SMALL BASKETED SEEDLINGS (1ന് വില രൂപയിൽ) | വലിയ കൂടയിൽ വളർത്തിയെടുത്ത തൈകൾ BIG BASKETED SEEDLINGS (1ന് വില രൂപയിൽ) |
|---|---|---|---|
| സ്കൂൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ | സൗജന്യം | സൗജന്യം | വിതരണം ചെയ്യില്ല. |
| സർക്കാർ സ്ഥാപനങ്ങൾ /തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/യുവജന സംഘടനകൾ | 7/- | 17/- | 45/- |
| മതസ്ഥാപനങ്ങൾ/സർക്കാതിര സംഘടനകൾ/മാധ്യമ സ്ഥാപനങ്ങൾ/ സ്വകാര്യ വ്യക്തികൾ | 7/- | 17/- | 45/- |

സെക്ഷൻ ഓഫീസർ